<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ലോകസഭയുടെയും നമ്മുടെ സഭയുടെയും കീഴ്വഴക്കമനുസരിച്ച് ബഡ്ജറ്റ് പ്രസന്റേഷൻ ഡേയിൽ മറ്റൊരു വിഷയം എടുക്കാറില്ല. ഇത് ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രിവിലേജാണ്. Exclusively for the budget ആയിട്ടാണ് സഭ സമ്മേളിക്കുന്നത്. അസാധാരണമായി വീണ്ടും, കഴിഞ്ഞപ്രാവശ്യം സംഭവിച്ചതാണിത്. ഇത്തവണ വീണ്ടും ബി.എ.സി. റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയാണ്. ഞങ്ങൾ ആരെങ്കിലും ബി.എ.സി. റിപ്പോർട്ടിൽ ഒരു അമെന്റ്മെന്റ് നോട്ടീസ് കൊടുത്തുകഴിഞ്ഞാൽ അങ്ങ് ചർച്ച ചെയ്യാൻ നിർബന്ധിതനാകും, കാരണം റൂളിൽ പറയുന്നത് അങ്ങനെ നോട്ടീസ് തന്നാൽ അര മണിക്കൂർ ചർച്ച വേണമെന്നാണ്. പക്ഷേ ഞങ്ങൾ അത് ചെയ്യുന്നില്ല. പക്ഷേ ദയവായി തെറ്റായ കീഴ്വഴക്കങ്ങൾ ഉണ്ടാക്കരുത്. ബഡ്ജറ്റ് അവതരണ ദിവസം ലോകസഭയിൽ ചെയ്യുന്ന കീഴ്വഴക്കം ഇതുതന്നെയാണ്. നമ്മുടെ സഭയുടെയും കീഴ്വഴക്കം ഇതുതന്നെയായിരുന്നു. ദയവായി മേലിൽ ഇതാവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

<u>മി. സ്പീക്കർ</u>: അത് ഏത് സാഹചര്യത്തിലാണുണ്ടായത് എന്നുള്ളത് അങ്ങേയ്ക്കുമറിയാം.

<u>ശ്രീ. കെ. സി. ജോസഫ്</u>: ഇന്നലെ 12 മണിക്ക് ബി.എ.സി. ചേർന്നതാണ്. ഇന്നലെ അങ്ങേയ്ക്ക് അവതരിപ്പിക്കാമായിരുന്നു.

<u>മി. സ്പീക്കർ</u>: പ്രത്യേകമായ ഒരു സാഹചര്യത്തിൽ ഒരു നിയമംകൂടി സഭാ സമ്മേളനത്തിൽ എടുക്കേണ്ടി വന്നതിനാൽ ഇന്നലെ ബി.എ.സി. ചേർന്നതിന്റെ അടിസ്ഥാനത്തിലാണ് അത്തരത്തിൽ വന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഇന്നലെ സഭ വൈകുന്നേരം നാലു മണിക്കല്ലേ പിരിഞ്ഞത്; അപ്പോൾ അവതരിപ്പിക്കാമായിരുന്നല്ലോ; തെറ്റായ കീഴ്‌വഴക്കങ്ങൾ ഉണ്ടാക്കരുത്. കഴിഞ്ഞതവണയും ഇതാവർത്തിച്ചതാണ്. അതുകൊണ്ടാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്.